# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 02 | 2021 |
|---|---|


ശബരിമല വാർത്താക്കുറിപ്പ്

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2021@gmail.com


## സന്നിധാനത്ത് കനത്ത മഴയിലും ഭക്തജനത്തിരക്ക്

ശബരിമല സന്നിധാനത്ത് വ്യാഴാഴ്ച വൈകീട്ട് പെയ്ത കനത്ത മഴയിലും ഭക്തജനത്തിരക്ക് അനുഭവപ്പെട്ടു. വൈകീട്ട് നാല് മണിക്ക് നട തുറക്കുമ്പോൾ നടപ്പന്തൽ ഭക്തജനങ്ങളാൽ നിറഞ്ഞിരുന്നു.

രാവിലെ നാല് മണിക്ക് നട തുറന്നു. അഞ്ച് മുതൽ ഏഴ് മണി വരെ നെയ്യഭിഷേകം. ഭക്തജനങ്ങൾക്ക് നേരിട്ട് നെയ്യഭിഷേകത്തിന് സൗകര്യം ഇപ്പോഴില്ല. നെയ്ത്തേങ്ങയിലെ നെയ്യ് ക്ഷേത്രത്തിന് പിറക് വശത്തെ കൗ  റിൽ നൽകി രശീത് വാങ്ങി പുറത്ത് നിന്ന് അഭിഷേകം ചെയ്ത നെയ്യ് നൽകുകയാണ് ചെയ്യുന്നത്. രാവിലെ 11.30ന് 25 കലശാഭിഷേകവും തുടർന്ന് കളഭാഭിഷേകവും ഉ  ായിരുന്നു. തന്ത്രി കണ്ഠരര് മഹേഷ് മോഹനര്, മേൽശാന്തി എൻ. പരമേശ്വരൻ നമ്പൂതിരി എന്നിവർ മുഖ്യകാർമികത്വം വഹിച്ചു.

**(പി.ആർ. ശബരി-88)**

# ഞുണങ്ങാർ താൽക്കാലിക പാലം നിർമ്മാണം അന്തിമഘട്ടത്തിൽ

പമ്പയിലെ ഞുണങ്ങാർ താൽക്കാലിക പാലത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിൽ. വ്യാഴാഴ്ച വൈകീട്ടോടെ പാലത്തിൻെറ ഗാബിയോൺ സ്ട്രക്ചർ പൂർത്തിയാക്കി. വെള്ളിയാഴ്ച രാവിലെ മുതൽ തെങ്ങിൻ കുറ്റികൾ അടിക്കുന്ന പ്രവൃത്തി നടത്താനാണ് ഉദ്ദേശിക്കുന്നത്.

പഴയ താൽക്കാലിക പാലം മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയ സ്ഥാനത്ത് പുതിയ പാലം പൂർത്തിയാക്കാൻ ഹൈക്കോടതി ഉത്തരവനുസരിച്ച് പത്ത് ദിവസമാണ് ജലസേചന വകുപ്പിന് അനുവദിച്ചിരുന്നത്. ഇത് പ്രകാരം ശനിയാഴ്ച വരെയാണ് സമയമുള്ളത്. എന്നാൽ, കാലവസ്ഥ പ്രതികൂലമല്ലെങ്കിൽ വെള്ളിയാഴ്ച വൈകീട്ട് പണി പൂർത്തിയാക്കി തൊട്ടടുത്ത ദിവസം തുറന്നു കൊടുക്കാൻ കഴിയുമെന്നാണ് ജലസേചന വകുപ്പ് പ്രതീക്ഷിക്കുന്നത്.

20 മീറ്റർ നീളവും അഞ്ച് മീറ്റർ വീതിയുമാണ് പാലത്തിനുള്ളത്. 10 മുതൽ 15 വരെ ടൺ സംഭരണ ശേഷിയുള്ള ട്രാക്ടറുകൾ കടന്നുപോകാൻ പാകത്തിലാണ് നിർമ്മിതി.

പുഴയിലെ വെള്ളം കടന്നുപോകാൻ ര ് പാളികളായാണ് 24 പൈപ്പുകൾ സ്ഥാപിച്ചിരിക്കുന്നത്. താഴെ ഏഴും മുകളിൽ അഞ്ചുമായി 12 വെൻറുകളാണുള്ളത്. ഇതിന് ര ് വശത്തും ഉരുക്കുവലയ്ക്കകത്ത് കല്ലുകൾ അടുക്കി ഗാബിയോൺ സ്ട്രക്ചറിലാണ് നിർമ്മാണം.

പാലത്തിന് മുകളിൽ ഒരു പാളി ജിഎസ്ബി (ഗ്രാന്യുലാർ സബ് ബേസ്) ഇട്ട് അതിന് മുകളിലൂടെ വാഹനം കടന്നുപോകാനുള്ള സംവിധാനമാണ് ഒരുക്കുന്നത്. പാലത്തിൻെറ ര ് വശത്തും 60ഓളം തെങ്ങിൻ കുറ്റി പൈൽ ചെയ്ത്, വെള്ളപ്പാച്ചിലിൽ പാലം മറിഞ്ഞുപോകാത്ത വിധം പാലം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

***പടം അടിക്കുറിപ്പ്: പമ്പയിൽ ഞുണങ്ങാർ താൽക്കാലിക പാലത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലെത്തിയപ്പോൾ***

**(പി.ആർ. ശബരി-89)**

# നിലയ്ക്കലിൽ സൗജന്യ ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് പ്രവർത്തനം തുടങ്ങി

ശബരിമല ഇടത്താവളമായ നിലയ്ക്കലിൽ തീർഥാടകർക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സൗജന്യ ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് പ്രവർത്തനം തുടങ്ങി. ശബരിമല എ.ഡി.എം അർജുൻ പാണ്ഡ്യൻ വർക്ക് ഷോ

പ്പ് ഉദ്ഘാടനം ചെയ്തു.
അഖില ഭാരത അയ്യപ്പ സേവാ സംഘത്തിൻെറ നേതൃത്വത്തിൽ മഹീന്ദ്ര ട്ര ക്ക് ആൻഡ് ബസ് ഡിവിഷനും ടിവിഎസ് ആൻഡ് സൺസും ചേർന്നാണ് വർക്ക് ഷോപ്പ് പ്രവർത്തിപ്പിക്കുക. ഇതിനായി 24 മണിക്കൂറും പ്രവർത്തിക്കു ന്ന ഹെൽപ് ലൈനു ്. നമ്പർ: 0473 5205309, 8281502520. നിലയ്ക്കലിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് സേവനം ഉപയോഗപ്പെടുത്താം.

നിലയ്ക്കലിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ നിലയ്ക്കൽ പോലീസ് സ്പെ ഷൽ ഓഫീസർ മഹേഷ് ദാസ്, നിലയ്ക്കൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കെ. ഹരീഷ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീകുമാർ, മരാമത്ത് എ.ഇ. ഹ രീഷ്, അജി (ആർ.ടി.ഒ സേഫ് സോൺ), അഖില ഭാരത അയ്യപ്പ സേവാ സം ഘം ക്യാമ്പ് ഓഫീസർ ജി. രാധാകൃഷ്ണൻ, കെ. പരമശിവം, രാകേഷ് കുമാർ (മഹീന്ദ്ര), ഉമാമഹേശൻ (ടി.വി.എസ്) തുടങ്ങിയവർ സംബന്ധിച്ചു.

***പടം അടിക്കുറിപ്പ്: ശബരിമല ഇടത്താവളമായ നിലയ്ക്കലിൽ തീർഥാട കർക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സൗജന്യ ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് ഉദ്ഘാടനം ചെയ്ത ശേഷം ശബരിമല എ.ഡി.എം അർജുൻ പാണ്ഡ്യൻ അഖില ഭാരത അയ്യപ്പ സേവാ സംഘം പ്രവർത്തക രോടൊപ്പം***

**(പി.ആർ. ശബരി-90)**